**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4638** — **19-07-2022 - ൽ മറുപടിയ്ക്ക്**

**വൻകിട ഉപഭോക്താക്കളുടെ കുടിശിക പിരിച്ചെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിക്ക് നിലവിൽ വൻകിട ഉപഭോക്താക്കളിൽ നിന്നും എത്ര തുക ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കുടിശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | വൻകിട ചെറുകിട മേഖല എന്ന തരം തിരിവ് വാട്ടർ അതോറിറ്റി യിൽ ഇല്ല. ഡൊമസ്റ്റിക് , നോൺ ഡൊമസ്റ്റിക് , വ്യാവസായികം, സ്പെഷ്യൽ/കാഷ്വൽ എന്നിങ്ങനെ ഉപഭോക്തൃ വിഭാഗങ്ങളെ തരംതിരിച്ചിട്ടുണ്ട് . എല്ലാ വിഭാഗത്തിലുംകൂടി 31/06/2022 വരെ ആകെ 2,063.76കോടി രൂപ കുടിശ്ശികയായി ലഭിക്കാനുണ്ട് .<br><br>കുടിശ്ശിക നോട്ടീസുകൾ നൽകിയും കേടായ വാട്ടർ മീറ്ററുകൾ മാറ്റി സ്ഥാപിച്ചും ടെലിഫോൺ മുഖേനയും നേരിൽ കണ്ടും ഉപഭോക്താക്കളോട് കുടിശ്ശിക ഒടുക്കുന്നതിനെക്കുറിച്ച് ബോധവത്കരണം നടത്തിയും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പഞ്ചായത്ത് തലത്തിൽ എല്ലാ വിഭാഗം ജീവനക്കാരെയും ഉൾപ്പെടുത്തി റവന്യൂ സ്ക്വാഡുകൾ രൂപീകരിച്ചും കുടിശ്ശിക പിരിച്ചെടുന്നതിനുള്ള തീവ്ര ശ്രമങ്ങൾ നടത്തി വരുന്നു. കൂടാതെ ദീർഘകാലമായി കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളിൽ നിന്നും കുടിശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ഡിസ്കണക്ഷൻ നടപടികളും റവന്യൂ റിക്കവറി നടപടികളും നടത്തി വരുന്നുണ്ട് .<br><br>ഗാർഹികേതര കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എല്ലാ വകുപ്പ മേലധികാരികൾക്കും ഡിവിഷൻ തലത്തിൽ കുടിശ്ശിക അടയ്ക്കുന്നതിന് കത്തിടപാടുകൾ നടത്തുന്നുണ്ട് . കൂടാതെ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശാനുസരണം എല്ലാ വകുപ്പ് മേലധികാരികൾക്കും കൺസോളിഡേറ്റഡ് ബിൽ തയ്യാറാക്കി ഹെഡ് ഓഫീസിൽ നിന്നും നൽകി വരുന്നു. കുടിശ്ശിക വരുത്തിയ വകുപ്പ് മേധാവികളെയും നേരിൽ കണ്ട് കുടിശ്ശിക തുക |

| | | | |
|---|---|---|---|
| | | | **എത്രയും വേഗം അടക്കണമെന്ന് ആവശ്യപ്പെട്ടുന്നുണ്ട് . സെക്ഷൻ തലത്തിൽ ഇതിനായി സ്ക്വാഡ് പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു.** |
| (ബി) | ഡ്രെയിനേജ് കണക്ഷൻ എടുത്തിട്ടില്ലാത്ത ഗാർഹിക ഉപഭോക്താക്കളിൽ നിന്നും വാട്ടർ അതോറിറ്റി ഡ്രെയിനേജ് ചാർജ്ജിനത്തിൽ വർഷങ്ങളായി തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റിക്ക് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; | (ബി) | **ഡ്രെയിനേജ് കണക്ഷൻ ഇല്ലാത്ത ഉപഭോക്താക്കളിൽനിന്നും ഡ്രെയിനേജ് ചാർജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (സി) | ഇപ്രകാരം ഡ്രെയിനേജ് കണക്ഷൻ ഇല്ലാത്ത ഉപഭോക്താക്കളിൽ നിന്നും തുക ഈടാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; ഗാർഹിക ഉപഭോക്താക്കളിൽ നിന്നും തെറ്റായി ഈടാക്കിയ തുക തിരികെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | **ഡ്രെയിനേജ് കണക്ഷൻ ഇല്ലാത്ത ഉപഭോക്താക്കളിൽനിന്നും ഡ്രെയിനേജ് ചാർജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |

സെക്ഷൻ ഓഫീസർ